# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.455
## 28.02.2017- ലെ മറുപടിക്ക്

## നെന്മാറ നിയോജക മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ.ബാബു | ഉത്തരം<br>ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി |
|---|---|
| (എ) നെന്മാറ നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കേണ്ട വികസന പദ്ധതികളിൽ ഏതിനെല്ലാമാണ് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീയായിട്ടുള്ളതെന്ന് വിശദമാക്കുമോ ? | നെന്മാറ നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി 2016-17 സാമ്പത്തിക വർഷത്തിലേയ്ക്ക് 9 പ്രവൃത്തികളാണ് എം.എൽ.എ. ശുപാർശ ചെയ്തിട്ടുള്ളത്. ടി പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട ഭരണ വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇവയിൽ വിശദമായ എസ്റ്റിമേറ്റ് സഹിതം ഭരണ വകുപ്പ് ശുപാർശ ചെയ്ത് ലഭ്യമാക്കിയ "നെന്മാറ നിയോജക മണ്ഡലം -സമ്പൂർണ്ണ വൈദ്യുതീകരണം" എന്ന പ്രവൃത്തിയ്ക്ക് ധനാനുമതി ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി 22.07.2015, 20.05.2016 എന്നീ തീയതികളിലെ നം.67/2015/ധന, നം.48/2016/ധന സർക്കുലറുകൾ പ്രകാരവും 01.09.2015 തീയതിയിലെ സ.ഉ. (സാധാ)നം.7791/2015/ധന പ്രകാരവും ഭരണ വകുപ്പുകൾക്കും നിർവ്വഹണ ഏജൻസികൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

## ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്

നമ്പർ 67/2015/ധന. *തിരുവനന്തപുരം, തീയതി 2015 ജൂലൈ 22.*

### സർക്കുലർ

വിഷയം: —ധനകാര്യ വകുപ്പ്—LAC-ADS—പദ്ധതികൾക്ക് ഭരണാനുമതി
നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതുമായി
ബന്ധപ്പെട്ട് പുതുക്കിയ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന: — (1) 11-6-2012-ലെ സ.ഉ(പി) നമ്പർ 332/2012/ധന.
(2) 28-12-2012-ലെ 73/2012/ധന നമ്പർ സർക്കുലർ.

എം. എൽ. എ. മാരുടെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള
പ്രവൃത്തികൾക്ക് ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിക്കുന്നതിന്
സമയക്രമം നിശ്ചയിച്ച് സൂചന(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
എന്നാൽ ആസ്തി വികസന പദ്ധതി നിരീക്ഷിക്കാൻ വ്യവസ്ഥാപിത മാർഗ്ഗ
മില്ലായെന്നും ടി പദ്ധതിയിൻകീഴിലുള്ള പ്രവൃത്തികൾക്ക് സമയബന്ധിത
മായി ഭരണാനുമതി, സാങ്കേതികാനുമതി ഇവ പുറപ്പെടുവിക്കുന്നതിനോ,
യഥാസമയം ഫണ്ട് ലഭ്യമാക്കുന്നതിനോ
പൂർത്തീകരിക്കുന്നതിനോ
കഴിയാത്ത സാഹചര്യമുണ്ടെന്നും ആയതിനാൽ ടി പദ്ധതി പ്രകാരമുള്ള
പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള അടിയന്തിര
നടപടികൾ സ്വീകരിക്കണമെന്നും ബഹു. നിയമസഭാ സാമാജികർ
ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാന
ത്തിൽ ആസ്തി വികസന പദ്ധതിയിൽ അനുവദിക്കുന്ന പ്രവൃത്തികൾ
സമയബന്ധിതമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് പുതുക്കിയ മാർഗ്ഗ
നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) എം. എൽ. എ. മാർ ധനകാര്യ വകുപ്പിൽ സമർപ്പിക്കുന്ന
പ്രവൃത്തി നിർദ്ദേശങ്ങളിൽ പരമാവധി 7 പ്രവൃത്തി ദിവസങ്ങൾ
ക്കുള്ളിൽത്തന്നെ നടപടി സ്വീകരിക്കുകയും ആവശ്യമായ പദ്ധതി
രേഖകൾ (Detailed Project Report) ലഭ്യമാക്കുന്നതിനുവേണ്ടി ഭരണ
വകുപ്പിലേക്ക് അയയ്ക്കേണ്ടതുമാണ്.

[മറുപുറം

(2) ഭരണ വകുപ്പിൽ നിന്നും പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച പദ്ധതി രേഖകൾ (DPR) സഹിതം അടുത്ത 15 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽത്തന്നെ ധനാനുമതിയ്ക്കായി ധനകാര്യ വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

(3) ധന വകുപ്പിന് ലഭ്യമാക്കുന്ന പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് അടുത്ത 15 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽത്തന്നെ ധനാനുമതി സംബന്ധിച്ച അഭിപ്രായം രേഖപ്പെടുത്തി ഭരണ വകുപ്പിന് മടക്കി നൽകേണ്ടതാണ്.

(4) ധനാനുമതി നൽകിയ പ്രവൃത്തികൾക്ക് ഭരണവകുപ്പ് അടുത്ത 10 ദിവസത്തിനുള്ളിൽത്തന്നെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട എം. എൽ. എ. മാർക്ക് നൽകേണ്ടതുമാണ്.

(5) ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് അടുത്ത 15 ദിവസത്തിനുള്ളിൽത്തന്നെ സാങ്കേതികാനുമതി നൽകുകയും കാലതാമസം കൂടാതെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ കാലതാമസംവിനാ പൂർത്തീകരിക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം എം. എൽ. എ. മാരെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

(6) ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ധനവകുപ്പിന് നൽകേണ്ടതാണ്. പ്രസ്തുത നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകളും കർശനമായി പാലിക്കേണ്ടതാകുന്നു.

ഡോ. കെ. എം. എബ്രഹാം,
*അഡീ. ചീഫ് സെക്രട്ടറി (ധനകാര്യം).*

പകർപ്പ്:—

എല്ലാ എം. എൽ. എ. മാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. & എസ്. എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ. & ആർ. എസ്. എ.) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും.
എല്ലാ വകുപ്പ് തലവൻമാർക്കും.
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
നോഡൽ ഓഫീസർ www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**കേരള സർക്കാർ**

ധനകാര്യ (**നോഡൽ സെന്റർ-ബി**) വകുപ്പ്,

**<u>സർക്കുലർ</u>**

നം.48/2016/ധന

തിരുവനന്തപുരം, 20.05.2016.

വിഷയം :- ധനകാര്യ വകുപ്പ് - നിയോജക മണ്ഡല ആസ്തി വികസന പദ്ധതി -പദ്ധതികളുടെ നിർവ്വഹണവും പുരോഗതിയും അവലോകനം ചെയ്യുന്നത്- സംബന്ധിച്ച്.

സൂചന :- 1. സ.ഉ(പി) നം. 332/12/ധന തീയതി 11.06.2012.
2. സ.ഉ(സാധാ) നം. 7791/2015/ധന തീയതി 01.09.2015.

സൂചന (1) ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കി വരുന്ന നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ നിർവ്വഹണവും പുരോഗതിയും ജില്ലാ കളക്ടറേറ്റുകളിൽ ജില്ലാ വികസന സമിതിയുടെ പ്രതിമാസ അവലോകന യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തുന്നതിനും മോണിറ്റർ ചെയ്യുന്നതിനും ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തി സൂചന(2) പ്രകാരം ഉത്തരവായിരുന്നു.

ഈ സാഹചര്യത്തിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിലേക്കായി 2016-17 കാലയളവ് മുതൽ നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന പ്രവൃത്തികൾക്ക്, പ്രസ്തുത ഭരണാനുമതി ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കൂടി ലഭ്യമാക്കണമെന്ന് ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നു.

**എസ്.വി.കല**
**ജോയിന്റ് സെക്രട്ടറി(ധനകാര്യം)**

1. എല്ലാ എം.എൽ.എ മാർക്കും
2. എല്ലാ വകുപ്പ സെക്രട്ടറിമാർക്കും
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
6. എല്ലാ വകുപ്പ തലവന്മാർക്കും.
7. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
8. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
9. ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
10. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
11. ധനമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
12. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
13. ട്രഷറി ഡയറക്ടർ
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. നോഡൽ ഓഫീസർ www.finance.kerala.gov.in.
16. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്-LAC-ADS-പദ്ധതികളുടെ നിർവ്വഹണവും പുരോഗതിയും അവലോകനം ചെയ്യുന്നത് സംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (രോഡ്ഫണ്ട്-ബി) വകുപ്പ്**

സ.ഉ.(സാധാ) നം.7791/2015/ധന തീയതി, തിരുവനന്തപുരം, 01.09.2015

---

സൂചന :- (1) 11.06.2012-ലെ G.O(P)No. 332/12/ധന നമ്പർ സർക്കാർ ഉത്തരവ്.

(2) 22.07.2015-ലെ 67/2015/ധന നമ്പർ സർക്കുലർ

(3) 04.06.2013-ലെ 50/2013/ധന നമ്പർ സർക്കുലർ

**ഉത്തരവ്**

സൂചന (1) ഉത്തരവു പ്രകാരമാണ് നിയമസഭാ സാമാജികർക്കുള്ള ആസ്തി വികസന പദ്ധതി സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. സൂചന (2) സർക്കുലർ പ്രകാരം പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കി പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനുള്ള പുതുക്കിയ നിർദ്ദേശങ്ങളും നല്കിയിട്ടുണ്ട്.

എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ കീഴിലുള്ള പ്രവൃത്തി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തെ ചുമതലപ്പെടുത്തി സൂചന (3) പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ജില്ലാ കളക്ടറേറ്റുകളിൽ ജില്ലാ വികസന സമിതിയുടെ പ്രതിമാസ അവലോകന യോഗത്തിൽ എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതിയിൻ ഉൾപ്പെട്ട പ്രവൃത്തികളുടെ നിർവ്വഹണവും പുരോഗതിയും അജണ്ടയായി ഉൾപ്പെടുത്തുന്നതിനും മോണിട്ടർ ചെയ്യുന്നതിനും ഇതു സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ വകുപ്പിനു ലഭ്യമാക്കുന്നതിനും കളക്ടർമാർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ഡോ. കെ. എം. എബ്രഹാം

**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

1. എല്ലാ എം.എൽ.എ മാർക്കും.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
5. എല്ലാ ജില്ലാ കളക്ടർമാർക്കും.
6. എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും.
7. എല്ലാ വകുപ്പ് തലവൻമാർക്കും.
8. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
9. എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
10. നോഡൽ ഓഫീസർ www.finance.kerala.gov.in.
11. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ